**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3346** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആളൂർ വില്ലേജിലെ സർവ്വേ നമ്പർ 240/1- ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമിയുടെ കൈവശാവകാശം പോലീസ് വകുപ്പിന് കൈമാറുന്നതിന് റവന്യൂ(എൽ) വകുപ്പിന്റെ ഉത്തരവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കുന്നംകുളം താലൂക്ക്, ആളൂർ വില്ലേജ് സർവ്വെ 240/1 ൽ ഉൾപ്പെട്ട 25 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ 20.12.2018 തീയ്യതിയിലെ എൽ 3/228/2018/റവ നം കത്ത് പ്രകാരം റവന്യൂ(എൽ) വകുപ്പിൽ നിന്ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ല, കുന്നംകുളം താലൂക്ക്, ആളൂർ വില്ലേജ് സർവ്വെ 240/1 ൽ ഉൾപ്പെട്ട 25 സെന്റ്, ബിടിആറിൽ സ്കൂൾ കളിസ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വില്ലേജ് പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനിടയിൽ, ഈ സ്ഥലം മറ്റം സെന്റ് ഫ്രാൻസിസ് ഗേൾസ് ഹൈസ്കൂൾ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതിനാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മിയ്ക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള തീരുമാനം പു:നപരിശോധിയ്ക്കണമെന്ന് ആവശ്യപ്പെട്ട് മറ്റം സെന്റ് തോമസ് ഫെറോന പള്ളി അധികൃതർ ബഹു.ഹൈക്കോടതിയിൽ WP(C) 77/19 നമ്പറിൽ വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതാണ്.ടി കേസിൽ 30.01.2020 ന് ഹിയറിങ് നടന്നിട്ടുള്ളതും കേസ് ഇപ്പോഴും നിലനിൽക്കുന്നതുമാണ്, ഈ കേസുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും തന്നെ ലഭ്യമായിട്ടില്ലാത്തതുമാണ്. |
| (സി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ തടസ്സം | (സി) | തൃശ്ശൂർ ജില്ല, കുന്നംകുളം താലൂക്ക്, ആളൂർ വില്ലേജ് സർവ്വെ 240/1 ൽ ഉൾപ്പെട്ട 25 സെന്റ്, |

| | | | |
|---|---|---|---|
| | നീക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ? | | ബിടിആറിൽ സ്കൂൾ കളിസ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വില്ലേജ് പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനിടയിൽ, ഈ സ്ഥലം മറ്റം സെന്റ് ഫ്രാൻസിസ് ഗേൾസ് ഹൈസ്കൂൾ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതിനാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മിയ്ക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള തീരുമാനം പു:നപരിശോധിയ്ക്കണമെന്ന് ആവശ്യപ്പെട്ട് മറ്റം സെന്റ് തോമസ് ഫെറോന പള്ളി അധികൃതർ ബഹു.ഹൈക്കോടതിയിൽ WP(C) 77/19 നമ്പറിൽ വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതാണ്.ടി കേസിൽ 30.01.2020 ന് ഹിയറിങ് നടന്നിട്ടുള്ളതും കേസ് ഇപ്പോഴും നിലനിൽക്കുന്നതുമാണ്, ഈ കേസുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും തന്നെ ലഭ്യമായിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ